**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1028** **27-07-2021 - ൽ മറുപടിയ്ക്ക്**

**നെൽകർഷകരിൽ നിന്നുള്ള നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽകർഷകരിൽ നിന്നും സർക്കാർ നെല്ല് സംഭരണം നടത്താൻ തുടങ്ങിയത് എന്ന് മുതലാണ് ; ഇപ്പോൾ ഒരു കിലോ നെല്ലിന് എന്ത് വില നൽകിയാണ് സംഭരണം നടത്തുന്നത്; ഏതൊക്കെ ഏജൻസികളെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | നെൽകർഷകരിൽ നിന്നും വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി പ്രകാരം സപ്ലൈകോ വഴി നെല്ല് സംഭരണം നടത്തുവാൻ തുടങ്ങിയത് 2004-05 സീസൺ മുതലാണ്. ഇപ്പോൾ ഒരു കി.ഗ്രാം നെല്ലിന് 27.48 രൂപ നിരക്കിൽ നൽകിയാണ് നെല്ല് സംഭരിക്കുന്നത്. അടുത്ത സീസൺ മുതൽ സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി. കിലോ ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച് 28 രൂപ നിരക്കിൽ സംഭരിക്കുന്നതാണ്. നെല്ല് സംഭരണത്തിനുള്ള ഏജൻസിയായി നിലവിൽ സപ്ലൈകോയെയാണ് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | പാലക്കാടിനെ അപേക്ഷിച്ച് മണ്ണിന് നനവ് കുട്ടനാടൻ മേഖലയിൽ കൂടുതൽ ഉള്ളതിനാൽ ഇവിടെ നിന്നും സംഭരിക്കുന്ന നെല്ലിന് നനവ് കൂടുതൽ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നെല്ലിന്റെ നനവിന്റെ മറയിൽ സ്വകാര്യ മില്ലുടമകൾ കുട്ടനാടൻ മേഖലയിലെ കർഷകരുടെ നെല്ലിന് കുറവ് വില നൽകി ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സപ്ലൈകോ വഴി കുട്ടനാടൻ മേഖലയിൽ നിന്ന് സംഭരിക്കുന്ന നെല്ല് സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വില നൽകിയാണ് ഏറ്റെടുക്കുന്നത്. കേന്ദ്രസർക്കാർ ഗുണമേന്മ മാനദണ്ഡ പ്രകാരം നെല്ലിന്റെ നനവ് 17%ൽ അധികരിക്കാൻ പാടില്ല. ഇത്തരത്തിൽ നനവ് / ഈർപ്പം കൂടുതലുള്ള നെല്ല് ഉണങ്ങി നിശ്ചിത ഗുണനിലവാര പരിധിയ്ക്കുള്ളിലായ ശേഷമാണ് സംഭരിക്കുന്നത്. |
| (ഡി) | മണ്ണിന്റെ പ്രത്യേകത കണക്കിലെടുത്തുള്ള ഈ ചൂഷണത്തിൽ നിന്നും കുട്ടനാടൻ മേഖലയിലെ നെൽകർഷകരെ സംരക്ഷിക്കും വിധം നെല്ല് സംഭരണത്തിൽ കുട്ടനാട് മേഖലയ്ക്ക് പ്രത്യേക പാക്കേജ് നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സപ്ലൈകോ വഴി കുട്ടനാടൻ മേഖലയിൽ നിന്ന് സംഭരിക്കുന്ന നെല്ല് സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വില നൽകിയാണ് ഏറ്റെടുക്കുന്നത്. കേന്ദ്രസർക്കാർ ഗുണമേന്മ മാനദണ്ഡ പ്രകാരം നെല്ലിന്റെ നനവ് 17%ൽ അധികരിക്കാൻ പാടില്ല. ഇത്തരത്തിൽ നനവ് / ഈർപ്പം കൂടുതലുള്ള നെല്ല് |

| | | | |
|---|---|---|---|
| | | | ഉണങ്ങി നിശ്ചിത ഗുണനിലവാര പരിധിയ്ക്കുള്ളിലായ ശേഷമാണ് സംഭരിക്കുന്നത്. |

സെക്ഷൻ ഓഫീസർ